# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1545

14.06.2013-ൽ മറുപടിയ്ക്ക്

### കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ഡോ. എം. കെ. മുനീർ (ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വാർഡുകളുടെ എണ്ണം എത്ര; ആകെ ജനസംഖ്യ എത്ര; വിശദാംശം നൽകുമോ; | (എ) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ആകെ 23 വാർഡുകളുണ്ട്. ആകെ ജനസംഖ്യ 47940 ആണ്. |
| (ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് പ്രസ്തുത ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ; | (ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതായിട്ടുണ്ട് എന്ന് കൊല്ലം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) വർദ്ധിച്ച ജനസംഖ്യയും, ഭൂവിസ്തൃതിയും കണക്കിലെടുത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4(2) (എ), (ബി) ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) എങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുവാൻ സന്നദ്ധമാകുമോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) നിലവിലെ ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക്, അതായത് 2015ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരെഞ്ഞെടുപ്പിനോടനുബന്ധിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ